**പോലീസ് വകുപ്പ്**

**കേരളം**

# PROCEEDINGS OF THE DISTRICT POLICE CHIEF

**ജില്ലാ പോലീസ് ഓഫീസ്, പത്തനംതിട്ട**

**സാന്നിദ്ധ്യം : ANAND R IPS**

വിഷയം : അച്ചടക്ക നടപടി - ശ്രീ.ഉമേഷ് .യു , എസ്. സി. പി. ഒ (G) എൻ 3842 (PEN : 188081) നെതിരെയുള്ള ഏകീകൃത വാച്യാന്വേഷണം – U/s 15(1) (m) of KPDIP & Appeal Rules , Kerala Police Act ലെ വകുപ്പ് 86 (3) പ്രകാരം സർക്കാർ സർവീസിൽ നിന്നും പിരിച്ച് വിട്ടു കൊണ്ട് (Dismissal from the service of the State Government ) ഉത്തരവാകുന്നത് സംബന്ധിച്ച്-

സൂചന : (1) പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ 18/05/2024 തീയതിയിലെ H1-40075/2023/N നമ്പർ ഉത്തരവ്.

(2) അന്വേഷണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ അന്വേഷണ വിചാരണ പത്രികയും അനുബന്ധ രേഖകളും.

(3) പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ 08/10/2024 തീയതിയിലെ H1-40075/2023/N നമ്പർ നോട്ടീസ്.

(4) പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ 27/11/2025 തീയതിയിലെ H1-40075/2023/N നമ്പർ കാരണംകാണിക്കൽ നോട്ടീസ്.

(5) 13/12/2025 തീയതിയിലെ ശ്രീ.ഉമേഷ് യു, എസ്.സി.പി.ഒ (G) എൻ 3842 സമർപ്പിച്ച മറുപടി .

**ഉത്തരവ് നമ്പർ : H1-40075/2023/N തീയതി. 21-12-2025**

**H1/39/PR/2023/N**

ശ്രീ.ഉമേഷ് യു, എസ്.സി.പി.ഒ (G) എൻ 3842 (PEN : 188081) ആറന്മുള പോലീസ് സ്റ്റേഷനിൽ പ്രവർത്തിയെടുത്തു വരവേ, പോലീസ് ഉദ്യോഗസ്ഥർ സമൂഹ മാധ്യമങ്ങളിൽ ഇടപെടുന്നതിനെക്കുറിച്ചും പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങളെക്കുറിച്ചും വിവിധ കാലയളവുകളിൽ സംസ്ഥാന പോലീസ് മേധാവിമാർ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിരുദ്ധമായും പ്രവർത്തിച്ചതിന് പത്തനംതിട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 23/09/2023 തീയതിയിലെ 25/memo/PSD/2023 നമ്പർ മെമ്മോ ടിയാന് നൽകുകയും ആയത് കൈപ്പറ്റിയ ടിയാൻ 26/09/2023 തീയതി മറുപടി ഹാജരാക്കിയിരുന്നതും ആയതിൽ ആരോപിച്ച കുറ്റങ്ങൾ സമ്മതിച്ചിട്ടുള്ളതും ആണ്. കൂടാതെ ടി മെമ്മോ ലഭിച്ച ഉടൻ ടിയാന്റെ ഫേസ്ബുക്ക് അക്കൗണ്ടിൽ പരിഹാസ രൂപേണ ഫോട്ടോ സഹിതം കമന്റ് ഇടുകയും മുൻ സംസ്ഥാന പോലീസ് മേധാവിമാർ ഉൾപ്പെടെയുള്ളവർ പുറത്തിറക്കിയ ഉത്തരവുകളെ ആക്ഷേപിച്ച് സർവോപരി അച്ചടക്ക സേനയെ ആകെ പരിഹസിക്കുന്ന തരത്തിൽ ഉള്ള മറുപടി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് മെമ്മോയും മറുപടിയും സമൂഹ മാധ്യമങ്ങൾ മുഖേന പ്രചരിപ്പിച്ചത് വഴി ഗുരുതര അച്ചടക്ക ലംഘനവും പെരുമാറ്റ ദൂഷ്യവും കാട്ടിയതിന് പത്തനംതിട്ട ഡി വൈ എസ് പി വീണ്ടും ടിയാന് 30/09/2023 തീയതി 26/Memo/PSD/2023 പ്രകാരം മെമ്മോ നൽകുകയും ആയത് കൈപ്പറ്റിയ ടിയാൻ ആയതിനും മേലുദ്യോഗസ്ഥരെ ആകമാനം ആക്ഷേപിക്കുന്ന തരത്തിൽ ധിക്കാര പൂർവമായ രീതിയിൽ മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം അച്ചടക്ക സേനയിലെ ഉത്തരവാദപ്പെട്ട ഒരംഗമായ ടിയാന് അച്ചടക്ക ലംഘനത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോ നൽകിയപ്പോൾ ടി മെമ്മോയും സമാധാനവും സമൂഹ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചത് വഴി ഒരു പോലീസ് സേനാംഗം പാലിക്കേണ്ട അച്ചടക്കം പാലിക്കാതെ അതീവ ഗുരുതരമായ അച്ചടക്ക ലംഘനവും പെരുമാറ്റ ദൂഷ്യവും കാട്ടുന്നതിന് ടിയാൻ ഇടവരുത്തിയിട്ടുള്ളതുമാണ്. ആയതിലേക്ക് ടിയാനെതിരെ ഒരു വാച്യാന്വേഷണം നടത്തി അന്വേഷണ വിചാരണ പത്രിക സമർപ്പിക്കുവാൻ ഡി വൈ എസ് പി, റാന്നി യെ ചുമതലപ്പെടുത്തുകയും ടിയാൻ കുറ്റക്കാരൻ ആണെന്ന നിഗമനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ വിചാരണ പത്രിക സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. 28/10/2023 തീയതിയിയിലെ ടി വാച്യാന്വേഷണവുമായി ബന്ധപ്പെട്ട് 10/02/2024, 20/02/2024, 20/03/2024 എന്നീ തീയതികളിൽ ഹാജരാകാൻ ടിയാന് നോട്ടീസ് നൽകി

11/02/2024 തീയതിയിൽ നൽകിയ നോട്ടീസിൽ ഓൺലൈൻ വഴി വാച്യാന്വേഷണത്തിന് പങ്കെടുക്കാവുന്നതാണ് എന്നും അറിയിപ്പ് നൽകിയിരുന്നു . എന്നാൽ ടിയാൻ അന്വേഷണ ഉദ്യോഗസ്ഥനായ റാന്നി , ഡി വൈ എസ് പി മുമ്പാകെ വാച്യാന്വേഷണത്തിന് ഹാജരാകുകയോ ഓൺലൈൻ വഴി വാച്യാന്വേഷണത്തിന് പങ്കെടുക്കുന്നതിന് തയ്യാറാകുകയോ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ ടി വാച്യാന്വേഷണം Ex-party ആയി തീർപ്പ് കല്പിച്ചിട്ടുള്ളതും ആയത് പ്രകാരം ടിയാന് 11/04/2024 തീയതിയിൽ നോട്ടീസ് നൽകിയിരുന്നെങ്കിലും ആയത് 15/04/2024 തീയതിയിൽ കൈപ്പറ്റിയ ടിയാൻ മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

തുടർന്ന് ടിയാന്റെ സേവന പുസ്തകം പരിശോധിച്ചതിൽ ടിയാൻ ജോലി ചെയ്തിരുന്ന യൂണിറ്റുകളിൽ ഇതിനോടകം ടിയാനെതിരെ ആരോപിച്ചുണ്ടായ കുറ്റങ്ങൾക്കായി 11 വകുപ്പ് തല അന്വേഷണങ്ങൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിൽ 8 എണ്ണം മേലുദ്യോഗസ്ഥർക്കെതിരെ സമൂഹ മാധ്യമങ്ങളിൽ കൂടി അപകീർത്തികരമായ പോസ്റ്റ് ചെയ്തിട്ടുള്ളതിനുമാണെന്നും ബോധ്യമായിട്ടുള്ളതാണ്. ടിയാന്റെ ഇത്തരം പ്രവർത്തികൾ പോലീസ് സേനയിൽ നിന്നുകൊണ്ട് തന്നെ പോലീസിൻറെ അന്തസ്സിനെ കളങ്കപ്പെടുത്തുന്ന പ്രവർത്തിയാണ്. ഇപ്രകാരം ടിയാൻ സ്ഥിരമായി അച്ചടക്ക സേനയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന് നിരക്കാത്ത രീതിയിൽ അച്ചടക്കരാഹിത്യവും പെരുമാറ്റ ദൂഷ്യവും കാട്ടുന്ന സ്വഭാവക്കാരൻ ആണെന്ന് ബോധ്യപ്പെടുകയാൽ ടിയാന്റെ മുൻകാല ചരിത്രം കൂടി കണക്കിലെടുത്ത് , **1958 ലെ കെപിഡിഐഎപി & അപ്പീൽ നിയമത്തിലെ 14 -)0 വകുപ്പ്** അനുശാസിക്കുന്ന തരത്തിൽ ടിയാനെതിരായി ഒരു **ഏകീകൃത വാച്യാന്വേഷണം** നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പത്തനംതിട്ട സ്പെഷ്യൽ ബ്രാഞ്ച് ഡി വൈ എസ് പി യെ ചുമതലപ്പെടുത്തി കൊണ്ട് 18/05/2024 തീയതിയിൽ ഉത്തരവാകുകയും അന്വേഷണാനന്തരം ശ്രീ.ഉമേഷ് യു കുറ്റക്കാരൻ ആണെന്ന നിഗമനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ വിചാരണ പത്രിക സമർപ്പിച്ചിട്ടുള്ളതുമാണ്. 18/05/2024 തീയതിയിലെ ഏകീകൃത അന്വേഷണവുമായി ബന്ധപ്പെട്ട് 25/06/24, 01/07/24, 02/08/24, 16/08/2024 എന്നീ തീയതികളിൽ ഹാജരാകുന്നതിന് നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ അന്വേഷണ ഉദ്യോഗസ്ഥനായ പത്തനംതിട്ട സ്പെഷ്യൽ ബ്രാഞ്ച് ഡി വൈ എസ് പി മുമ്പാകെ അന്വേഷണത്തിനായി ഹാജരായിട്ടില്ലാത്തതാണ്. ആയതിനാൽ ടിയാനെതിരെയുള്ള പ്രസ്തുത ഏകീകൃത വാച്യാന്വേഷണം Ex-party ആയി തീർപ്പ് കല്പിച്ചിട്ടുള്ളതാണ്.

തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ Executive Directive - No. 2/2023 Dtd- 12/06/2023 പ്രകാരം 08/10/2024 തീയതിയിൽ പ്രസ്തുത ഏകീകൃത വാച്യാന്വേഷണത്തെ സംബന്ധിച്ച് ടിയാന്റെ മറുപടി ആവശ്യപ്പെട്ട് കൊണ്ട് ടിയാന് നോട്ടീസ് നൽകിയിരുന്നതും ആയത് 14/10/2024 AN തീയതി കൈപ്പറ്റിയ ടിയാൻ 29/10/2024 തീയതി ആയതിലേക്ക് മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത മറുപടി പരിശോധിച്ചതിൽ ടിയാൻ സമർപ്പിച്ച സമാധാനം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

തുടർന്ന് 13.12.2025 തീയതി ടിയാൻ എനിക്ക് അയച്ചു നല്കിയ എൻറെ 27.11.2025 തീയതിയിലെ കാരണം കാണിക്കൽ നോട്ടീസിനുള്ള സൂചന (5) പ്രകാരമുള്ള മറുപടിയിൽ ടിയാന്റെ ശമ്പളവും ഉപജീവനപ്പടിയും തടഞ്ഞു വച്ചതിനാലാണ് പ്രസ്തുത അന്വേഷണത്തിന് ഹാജരാകുവാൻ കഴിയാതിരുന്നത് എന്ന് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ 06.08.2024 തീയതി ടിയാന്റെ അക്കൗണ്ടിലേക്ക് റിക്കവറി കഴിഞ്ഞ് 14,022/- രൂപ മാറി നല്കിയതായി ടിയാന്റെ Monthly Salary Drawn Statement ൽ വിവരിച്ച് കാണുന്നു. ആയതിന് ശേഷം 16.08.2024 തീയതിയിലായിരുന്നു ടിയാന്റെ ഏകീകൃത വാചകീയാന്വേഷണ ഉദ്യോഗസ്ഥനായ പത്തനംതിട്ട സ്പെഷ്യൽ ബ്രാഞ്ച് ഡി വൈ എസ് പി മുമ്പാകെ ടിയാന്റെ ഭാഗം അവതരിപ്പിക്കുന്നതിനു നോട്ടീസ് നല്കിയിരുന്നത് എന്നാൽ പ്രസ്തുത അന്വേഷണത്തിനും ഹാജരാകാതെ വാസ്തവ വിരുദ്ധമായ ആരോപണങ്ങൾ ഉന്നയിച്ച് കൊണ്ട് ടിയാന്റെ ഭാഗം ന്യായീകരിക്കുന്നതിനും നിയമപരമായും ചട്ടങ്ങൾ അനുശാസിക്കും വിധം നടത്തിയ സ്പെഷ്യൽ ബ്രാഞ്ച് ഡി വൈ എസ് പി യുടെ അന്വേഷണത്തെ വാർത്തമാധ്യമങ്ങളിൽ കൂടിയും സമൂഹമാധ്യമങ്ങളിൽ കൂടിയും അവഹേളിക്കുവാനുമാണ് ടിയാൻ ശ്രമിച്ചത്. ഇത് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ആർട്ടിക്കിൾ 33 ന്റെ നഗ്നമായ ലംഘനമാണ്.

പത്തനംതിട്ട ജില്ല പോലീസ് മേധാവിയും ടിയാന്റെ നിയമനാധികാരിയുമായ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് Kerala Police Departmental Inquiries Punishment & Appeal Rules ലെ 36 പ്രകാരം സംസ്ഥാന പോലീസ് സേനയിൽ **20/12/2003** തീയതിയിൽ ജോലിയിൽ പ്രവേശിച്ച ടിയാന്റെ സേവന പുസ്തകത്തിലെ മുൻകാല ചരിത്രം പരിശോധിച്ചതിൽ ടിയാന് അച്ചടക്ക അധികാരികൾ താഴെപ്പറയുന്ന പ്രകാരം ശിക്ഷണ നടപടികൾ നൽകിയിട്ടുള്ളതായി കാണുന്നു.

**അച്ചടക്കനടപടികളുടെ വിവരങ്ങൾ**

**(1) 20/06/2017** തീയതിയിൽ ടിയാന്റെ ഫേസ് ബുക്ക് അക്കൗണ്ടിൽ ബഹു:സംസ്ഥാന ഡി ജി പിക്കും ശ്രീ.യതീഷ് ചന്ദ്ര ഐ പി എസ് നും കട പിടിച്ച് കൊടുക്കുന്ന പോലീസുകാരെ കണ്ട് "ഹേ കൂട്ടുകാരാ, നിങ്ങളുടെ പണി എന്തെന്നും നിങ്ങൾ രാജ ഭരണ കാലത്തെ കിങ്കരന്മാർ അല്ല എന്ന് തിരിച്ചറിയുക" എന്ന് പോസ്റ്റ് ഇട്ട് , പോലീസ് സേനക്ക് ആകമാനം നാണക്കേട് ഉണ്ടാക്കിയതിന് ടിയാനെതിരെ ഒരു അവാച്യന്വേഷണത്തിന് ഉത്തരവാകുകയും ആയതിന് കോഴിക്കോട് ക്രൈംബ്രാഞ്ച് സി.ഐ.ഡി പോലീസ് സൂപ്രണ്ട് **27/04/2018** തീയതിയിലെ G1/4439/2017/HHW3 ഉത്തരവ് പ്രകാരം ശിക്ഷയായി ടിയാന്റെ സർവീസ് ബുക്കിൽ ബ്ലാക്ക് മാർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്.

(2) **03/01/2019** തീയതി ശബരിമല കർമ സമിതിയുടെ ആഹ്വാന പ്രകാരം നടത്തിയ ഹർത്താലിൽ ക്രമ സമാധാന പരിപാലന ഡ്യൂട്ടിക്കായി ക്രൈം ബ്രാഞ്ചിൽ നിന്നും അയച്ച പോലീസ് ഉദ്യോഗസ്ഥരുടെ കൂട്ടത്തിൽ ടിയാനും ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു. ഹർത്താലിന് ശേഷം **05/01/2019** തീയതി വൈകിട്ട് 6.22 ന് ടിയാന്റെ ഫേസ് ബുക്ക് പേജിൽ പോലീസ് ബന്തവസിനെ വിമർശിച്ചും ഹർത്താൽ ദിനത്തിലെ പോലീസിൻറെ വീഴ്ചകളുടെ ഉത്തരവാദി കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ആണെന്നും ജില്ല പോലീസ് മേധാവി എന്ന നിലയിൽ അദ്ദേഹം വൻ പരാജയം ആണെന്നും കാട്ടി പോസ്റ്റ് ചെയ്തു. ടി കുറ്റത്തിന് ടിയാനെതിരെ ഒരു വാച്യന്വേഷണത്തിന് ഉത്തരവാകുകയും G1/245/2019/CB/KKD പ്രകാരം **10/07/2019** തീയതിയിൽ കോഴിക്കോട് ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട് ആയതിന് ശിക്ഷയായി ടിയാന്റെ അടുത്ത വാർഷിക വേതന വർധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു കൊണ്ട് ഉത്തരവായിട്ടുണ്ട്.

( 3 ) ***03/11/2019*** തീയതിയിൽ ടിയാൻ കോഴിക്കോട് സിറ്റി കണ്ട്രോൾ റൂമിൽ ജോലി ചെയ്തു വരവേ കോഴിക്കോട് സിറ്റി പന്തീരാംകാവ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത UAPA പ്രകാരമുള്ള കേസിൽ അനുകൂലിച്ചും പ്രതികൂലിച്ചും വിവാദം നിലനിൽക്കുന്ന അവസരത്തിൽ, പോലിസിന്റെ മാവോയിസ്റ്റ് നടപടികളെയും UAPA പ്രകാരമുള്ള നടപടികളെയും വിമർശിക്കുന്ന തരത്തിൽ സിനിമയിലെ രംഗങ്ങളും സംഭാഷണ ശകലങ്ങളും ടിയാന്റെ ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്യുകയുണ്ടായി. ടി കുറ്റത്തിന് ടിയാനെതിരെ ഒരു അവാച്യന്വേഷണത്തിന് ഉത്തരവാകുകയും ആയതിന് ബഹു:കോഴിക്കോട് സിറ്റി പോലീസ് ഡി.ഐ.ജി അവർകൾ **09/10/2020** തീയതിയിൽ നമ്പർ :H2/PR/20/2020/CC (DO NO- 713/20/CC) പ്രകാരം ടിയാന്റെ അടുത്ത വാർഷിക വേതന വർധനവ് രണ്ടു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു കൊണ്ട് ഉത്തരവായി.

(4) പന്തീരാംകാവ് പോലീസ് സ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം.507/2019 നമ്പർ കേസിലെ പ്രതികൾ ആയ അലൻ,താഹ എന്നിവർക്ക് എൻ.ഐ.എ കോടതി ജാമ്യം അനുവദിച്ച കാര്യത്തിൽ **17/09/2020** തീയതിയിൽ ഫേസ് ബുക്കിൽ ടിയാൻ പ്രതികൾക്ക് അനുകൂലമായി പോസ്റ്റ് ചെയ്തു. ടി കുറ്റത്തിന് ടിയാനെതിരെ ഒരു അവാച്യന്വേഷണത്തിന് ഉത്തരവാകുകയും ആയതിന് ബഹു : കോഴിക്കോട് സിറ്റി പോലീസ് ഡി.ഐ.ജി അവർകൾ ടിയാന്റെ അടുത്ത വാർഷിക വേതന വർധനവ് **14/01/2021** തീയതിയിൽ നമ്പർ:H2/PR/51/2020/CC പ്രകാരം രണ്ടു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു കൊണ്ട് ഉത്തരവായിട്ടുണ്ട്.

( 5 ) **18/09/2020** തീയതി കോഴിക്കോട് സിറ്റി കൺട്രോൾ റൂമിൽ ടിയാൻ ജോലി ചെയ്തു വരവേ കോഴിക്കോട് പറമ്പിൽ ബസാറിൽ താമസിക്കുന്ന ഒരു സ്ത്രീയുടെ മകളുമായി പ്രണയം നടിച്ച് മകളെ വീട്ടിൽ നിന്നും ഇറക്കികൊണ്ട് പോയി വാടകക്ക് വീട് എടുത്തു ലിവിംഗ് ടുഗതർ ആയി താമസിക്കുകയാണെന്നും വിവാഹിതനും ഒരു കുട്ടിയുടെ പിതാവുമായ ടിയാനിൽ നിന്നും മകളെ മോചിപ്പിച്ച് നൽകണം എന്ന് കാട്ടി നൽകിയ പരാതിയിൽ മേൽ നടത്തിയ അന്വേഷണത്തിൽ ടിയാൻ ഗുരുതരമായ പെരുമാറ്റ ദൂഷ്യവും അച്ചടക്ക ലംഘനവും കാട്ടിയതായുള്ള കുറ്റത്തിനും ടിയാന്റെ സേവന കാലയളവിലെ മറ്റ് ശിക്ഷകളും കൂടി പരിഗണിച്ച് ഒരു ഏകീകൃത വാച്യാന്വേഷണത്തിന് ഉത്തരവാകുകയും ബഹു : കോഴിക്കോട് സിറ്റി പോലീസ് ഡി.ഐ.ജി അവർകൾ ടിയാന്റെ അടിസ്ഥാന ശമ്പളം മൂന്നു ഘട്ടം കുറവ് ചെയ്തു മൂന്നു വർഷത്തേക്ക് തടഞ്ഞു കൊണ്ട് **20/05/2022** തീയതിയിൽ നമ്പർ:H1/17/PR/2021/CC പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

( 6 ) **18/9/2020** തീയതിയിലെ ബഹു:കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ: 669/2020/CC പ്രകാരം ടിയാൻ സസ്പെൻഷനിൽ ഇരിക്കെ ടി ഉത്തരവ് സമൂഹ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും പോലീസ് വകുപ്പിനെയും മേലുദ്യോഗസ്ഥരെയും അവഹേളിക്കുന്ന തരത്തിൽ ടിയാൻ ഫേസ് ബുക്കിൽ പോസ്റ്റ് ഇടുകയും, ചാനലുകളിൽ നേരിട്ടും ഫോൺ മുഖേനയും ഇന്റർവ്യൂ നൽകി സസ്പെൻഷൻ ഉത്തരവിനെതിരെ പ്രതികരിക്കുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്തു. ടി കുറ്റത്തിന് ടിയാനെതിരെ ഒരു വാച്യന്വേഷണത്തിന് [illegible]

പോലീസ് ഡി.ഐ.ജി അവർകൾ ടിയാന്റെ അടിസ്ഥാന ശമ്പളം മൂന്നുഘട്ടം മൂന്ന വർഷത്തേക്ക് ആവർത്തന സ്വഭാവത്തോടെ കുറവ് ചെയ്ത കൊണ്ട് **12/04/2021** തീയതിയിൽ നമ്പർ:H1/48/PR/2020/CC പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(7) ടിയാൻ കോഴിക്കോട് ഫറൂക്ക് പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവേ പോലീസ് വകുപ്പിനെ മോശമായി ചിത്രീകരിച്ചും മേലുദ്യോഗസ്ഥരെ കുറിച്ച് മോശം പരാമർശം നടത്തിയും **2/8/2021** തീയതി ഓൺലൈൻ മാധ്യമമായ Dool News ൽ അഭിപ്രായപ്രകടനം നടത്തുകയും ടി കാര്യം സംബന്ധിച്ച പോസ്റ്റ് ഫേസ് ബുക്കിൽ പങ്കുവയ്ക്കുകയും ചെയ്തു. പ്രസ്തുത കുറ്റത്തിന് ടിയാനെതിരെ ഒരു അവാച്യന്വേഷണത്തിന് ഉത്തരവാകുകയും ആയത് പ്രകാരം ബഹു :കോഴിക്കോട് നോർത്ത് സോൺ ഐ.ജി.പി അവർകൾ ടിയാന്റെ അടുത്ത വാർഷിക വേതന വർധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു കൊണ്ട് **27/12/2022** തീയതിയിൽ നമ്പർ :A2(a)/11709/2022/NZ പ്രകാരം ഉത്തരവായിട്ടുണ്ട്.

(8) കോഴിക്കോട് ഫറൂക്ക് പോലീസ് സ്റ്റേഷനിൽ ടിയാൻ ജോലി ചെയ്തു വരവേ, സംസ്ഥാന പോലീസ് മേധാവിയുടെ Executive Directive No.29/2018, No. 45/2015 എന്നീ സർക്കുലറുകൾക്ക് വിരുദ്ധമായി **27/09/2021** തീയതി ടിയാൻ ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ അഭിമുഖം നടത്തുകയുണ്ടായി. പ്രസ്തുത കുറ്റത്തിന് ടിയാനെതിരെ ഒരു അവാച്യന്വേഷണത്തിന് ഉത്തരവാകുകയും ആയതിന് ബഹു:കോഴിക്കോട് സിറ്റി പോലീസ് ഡി.ഐ.ജി അവർകൾ ടിയാന്റെ അടുത്ത വാർഷിക വേതന വർധനവ് രണ്ടു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു കൊണ്ട് **26/05/2022** തീയതിയിൽ നമ്പർ: H2/PR/45/2021/CC പ്രകാരം ഉത്തരവായി.

(9) കോഴിക്കോട് ഫറൂക്ക് പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവേ ടിയാൻ, **05/01/2022** തീയതി ക്രമ സമാധാനപാലന ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടിരിക്കെ ടിയാന് ലഭിച്ച ഹെൽമെറ്റ് ഗുണ നിലവാരം ഇല്ലാത്തതാണെന്നും മറ്റും കാണിച്ച് പോലീസ് വകുപ്പിനെ അവഹേളിച്ച് ഫേസ് ബുക്കിൽ പോസ്റ്റ് ഇടുകയും ആയത് സമൂഹ മാധ്യമങ്ങളിൽ ചർച്ച ആക്കുകയും പത്ര മാധ്യമങ്ങളിൽ വരുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കുറ്റത്തിന് ടിയാനെതിരെ ഒരു അവാച്യന്വേഷണത്തിന് ഉത്തരവാകുകയും ആയതിന് ബഹു : കോഴിക്കോട് സിറ്റി പോലീസ് ഡി.ഐ.ജി അവർകൾ ടിയാന്റെ അടുത്ത വാർഷിക വേതന വർധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു കൊണ്ട് **04/11/2022** തീയതിയിൽ നമ്പർ :H2/PR/10/2022/CC പ്രകാരം ഉത്തരവായിട്ടുണ്ട്.

(10) ടിയാൻ കോഴിക്കോട് ഫറൂക്ക് പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവേ,പോലീസ് ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും ലോൺ അടവിലേക്കുള്ള തുക മാസം തോറും പിരിച്ചെടുക്കാൻ HDFC bank നെ ഏൽപ്പിച്ച കൊണ്ടുള്ള പോലീസ് വകുപ്പിലെ തീരുമാനത്തിനെതിരെ മേലുദ്യോഗസ്ഥരെയും പോലീസ് വകുപ്പിനേയും അവഹേളിക്കുന്ന തരത്തിൽ ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്തതിന് **08/03/2022** തീയതി ടിയാനെതിരെ ഒരു അവാച്യാന്വേഷണത്തിന് ഉത്തരവാകുകയും ആയതിന് ബഹു:കോഴിക്കോട് സിറ്റി പോലീസ് ഡി.ഐ.ജി അവർകൾ അടുത്ത വാർഷിക വേതന വർധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു കൊണ്ട് **1 2 / 0 9 / 2 0 2 2** തീയതിയിൽ നമ്പർ:H2/PR/07/2022/CC പ്രകാരം ഉത്തരവായിട്ടുണ്ട്.

(11) കോഴിക്കോട് ഫറൂക്ക് പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവേ **08/3/2022** തീയതി ടിയാൻ സായ എന്ന സംഘടനയുടെ നേതൃത്വത്തിൽപ്രണയപകയിലെ ലിംഗ രാഷ്ട്രീയം എന്ന വിഷയത്തെ അധികരിച്ച കോഴിക്കോട് പ്രസ്സ് ക്ലബ്ബിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ മേലധികാരികളുടെ അനുമതിയോ അംഗീകാരമോ കൂടാതെ പങ്കെടുത്തിട്ടുള്ളതാണ്. പ്രസ്തുത കുറ്റത്തിന് ടിയാനെതിരെ ഒരു അവാച്യന്വേഷണത്തിന് ഉത്തരവാകുകയും ആയതിന് കോഴിക്കോട് സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ടിയാന്റെ അടുത്ത വാർഷിക വേതന വർധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെ അല്ലാതെ തടഞ്ഞു കൊണ്ട് **19/10/2022** തീയതിയിൽ നമ്പർ :H2/PR/16/2022/CC പ്രകാരം ഉത്തരവായി.

പ്രസ്തുത ആരോപണങ്ങൾക്ക് ശ്രീ.ഉമേഷ്.യു നല്കിയിട്ടുള്ള മറുപടികൾ അച്ചടക്ക സേനയിലെ ഒരംഗമായ ഒരു പോലീസ് ഉദ്യോഗസ്ഥനെന്ന നിലയിൽ ധിക്കാരപരവും സേനയെയും മേലുദ്യോഗസ്ഥരെയും സർക്കാരിനെയും അവഹേളിക്കുന്ന തരത്തിലുള്ളതുമാണ്. ടിയാന്റെ പേരിലുണ്ടായിരുന്ന 11 വകുപ്പ് തല അന്വേഷണ നടപടികൾക്കെതിരെയുള്ള തീരുമാനങ്ങളിൽ ടിയാന് ആക്ഷേപമുണ്ടായിരുന്ന പക്ഷം ആയതിന്റെ അന്തിമ ഉത്തരവുകൾ ടിയാന് ലഭിച്ചതിന് ശേഷം നിയമമനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ടിയാന് മേലുദ്യോഗസ്ഥർ മുൻപാകെ അപ്പീൽ സമർപ്പിച്ച് ടിയാന്റെ വാദമുഖങ്ങൾ [illegible] കൂടിയും

സമൂഹമാധ്യമങ്ങളിൽ കൂടിയും പോലീസിന്റെ നടപടി ക്രമങ്ങളെ അവഹേളിക്കുവാനും അവമതിപ്പുണ്ടാക്കുവാനുമാണ് ടിയാൻ ശ്രമിച്ചത്. കൂടാതെ ടിയാന് 27.11.2025 തീയതി ഞാൻ കാരണം കാണിക്കൽ നോട്ടീസ് നൽകിയതിന് ശേഷം ടിയാന്റെ മറുപടി പരിഹാസ രൂപേണ വാർത്തമാധ്യമങ്ങളിൽ കൂടിയും സമൂഹമാധ്യമങ്ങളിൽ കൂടിയും പ്രചരിപ്പിക്കുകയും എനിക്ക് തപാൽ മുഖാന്തിരം അയച്ച തരികയുമാണ് ചെയ്തത്.

<u>നടപടിയുടെ സാധൂകരണം</u>

ഉത്തരവാദിത്തപ്പെട്ടതും അച്ചടക്കമുള്ളതുമായ ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ, തന്നിൽ നിക്ഷിപ്തമായ ഡ്യൂട്ടികളും കടമകളും ചെയ്യുവാൻ കടപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ.ഉമേഷ് യു, എസ്.സി.പി.ഒ (G) എൻ.3842 (PEN : 188081) ന്റെ പേരിലുള്ള 11 വകുപ്പുതല അച്ചടക്കനടപടികൾ വിശദമായി പരിശോധിച്ചതിൽ നിന്നും, ടിയാന്റെ ഭാഗത്ത് നിന്നും സർവ്വീസിൽ ഉടനീളം ഉണ്ടായ കുറ്റ കൃത്യങ്ങളുടെ വ്യാപ്തി പരിശോധിച്ചതിൽ നിന്നും, ടിയാന്റെ പെരുമാറ്റ രീതി കൊണ്ട് പോലീസിൻ്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ Behaviourally unfit (പെരുമാറ്റദൂഷ്യം) ആയ ഒരു പോലീസ് ഉദ്യോഗസ്ഥനാണ് ടിയാനെന്ന് ലഭ്യമായ രേഖകളിൽ നിന്നും എനിക്ക് ഉത്തമബോധ്യം വന്നിട്ടുള്ളതാണ്.

ശ്രീ.ഉമേഷിന്റെ പേരിലുള്ള അച്ചടക്കലംഘന പ്രവർത്തികളിൽ നിന്നും ടിയാനെ പിന്തിരിപ്പിക്കുന്നതിന് 11 തവണ ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ച എങ്കിലും ടിയാൻ അച്ചടക്കലംഘന പ്രവർത്തികളിൽ നിരന്തരം ഏർപ്പെട്ട് വരുന്നതിനാൽ ടി പ്രവർത്തനങ്ങളിൽ നിന്നും ടിയാൻ തുടർന്നും വിട്ട് നിൽക്കുമെന്ന് കരുതാൻ നിർവാഹമില്ലായെന്നും ഒരു പോലീസ് ഉദ്യോഗസ്ഥനായ ടിയാന്റെ ഭാഗത്ത് നിന്നും നിരന്തരം ഗുരുതരമായ അച്ചടക്കലംഘനം, കൃത്യവിലോപം , പെരുമാറ്റദൂഷ്യം , സേനയുടെയും സർക്കാരിന്റെയും അന്തസ്സിന് കളങ്കം ചാർത്തൽ , ആഭ്യന്തര സുരക്ഷയ്ക്ക് ഭീക്ഷണിയായ പ്രതികളെ ന്യായീകരിക്കൽ എന്നിവ ഉണ്ടാകുന്നതിനാൽ കേരള പോലീസ് ആക്ട് ചട്ടം 4 , ചട്ടം 85 പ്രകാരവും ഒരു പോലീസ് ഉദ്യോഗസ്ഥനെന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതിൽ ടിയാൻ പരാജയപ്പെട്ടുവെന്നും ടിയാനെ കേരള പോലീസ് സേനയിലെ ഒരു പോലീസ് ഉദ്യോഗസ്ഥനായി തുടരുവാൻ അനുവദിച്ചാൽ ടിയാന്റെ ദുഷ് പ്രവൃത്തികൾ കാരണം പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതിനും ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണിയായ പ്രതികൾക്ക് എതിരെയുള്ള പോലീസിന്റെ നടപടികളെ വിമർശിക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്നതിനും പോലീസ് സേനയുടെ സൽപ്പേരിനും കേരള സംസ്ഥാന സർക്കാരിന്റെ പ്രതിച്ഛായയ്ക്കും കോട്ടം തട്ടുമെന്നും ബോധ്യപ്പെടുകയും ടിയാന്റെ തുടർച്ചയായുള്ള ഇത്തരം പെരുമാറ്റദൂഷ്യ പ്രവർത്തികൾകൊണ്ട് പോലീസിന്റെ കർത്തവ്യങ്ങൾ സുഗമമായി നിർവഹിക്കുന്നതിൽ Kerala Police Act ലെ വകുപ്പ് 86(1) (c) പ്രകാരം എസ്.സി.പി.ഒ ( , എൻ.3842 ശ്രീ.ഉമേഷ് യു (PEN : 188081) തികച്ചും അയോഗ്യനാണെന്ന് ഉത്തമ ബോധ്യം വരികയാൽ Kerala Police Departmental Inquiries Punishment & Appeal Rules ലെ വകുപ്പ് 36 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വകുപ്പുതല അച്ചടക്ക നടപടികളുടെ ഭാഗമായി ടിയാന്റെ ശിക്ഷകൾ പുനരവലോകനം (Review) ചെയ്ത് എസ്.സി.പി.ഒ (G) , എൻ.3842 ശ്രീ.ഉമേഷ് . യു (PEN : 188081) നെ Kerala Police Act ലെ വകുപ്പ് 86 (3) , Kerala Police Departmental Inquiries Punishment & Appeal Rules 15(1)(m) , MDP (Manual For Disciplinary Proceedings) PSO (Police Standing Order) Volume 1 ലെ Sec 127 (15) (i) , 143 (1) (b) എന്നീ വകുപ്പുകൾ അനുശാസിക്കും പ്രകാരം സർവീസിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള (Dismissal from the service of the State Government.) എൻറെ താത്കാലിക തീരുമാനം ഞാൻ സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

എൻറെ ഈ തീരുമാനത്തിൽ ആക്ഷേപം ഉള്ള പക്ഷം ഈ ഉത്തരവ് കൈപ്പറ്റുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ശ്രീ.ഉമേഷ് യു, എസ്.സി.പി.ഒ (G) എൻ.3842 (PEN : 188081) ന് മേലധികാരികൾ മുൻപാകെ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

21-12-2025
ANAND R IPS,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ.ഉമേഷ് .യു , എസ്.സി.പി.ഒ (G) എൻ 3842 ന്. രണ്ടു പകർപ്പുകൾ ആറന്മുള സ്റ്റേഷൻ ഹൌസ് ഓഫീസർക്ക് അയക്കുന്നു. ഒരു പകർപ്പ് ടിയാന് നൽകി മറുപകർപ്പിൽ ടിയാന്റെ ഒപ്പും തീയതിയും രേഖപ്പെടുത്തി മടക്കേണ്ടതാണ്.

പകർപ്പ് : സംസ്ഥാന പോലീസ് മേധാവി , ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ( സൗത്ത് സോൺ ), ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് , തിരുവനന്തപുരം റേഞ്ച് എന്നിവർക്ക് അറിവിലേക്കായി

ഇൻസ്പെക്ടർ ഓഫ് പോലീസ് ആറന്മുള ക്ക് അറിവിലേക്കായി

അഡീഷണൽ എസ്.പി (ഭരണ വിഭാഗം),എ.എ,മാനേജർ സി.എ റ്റു ഡി.പി.സി അറിവിലേക്കായി

എല്ലാ സെക്ഷനുകൾക്കും അറിവിലേക്കും അനന്തര നടപടികൾക്കുമായി.